നം.ഇ.എക്സ്.എച്ച് 2/23021/09/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെകാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി: 30.09.2009

# വിജ്ഞാപനം

വിഷയം : **പഴയ കരിക്കുലത്തിൽ തമിഴ് റ്റി.റ്റി.സി പാസായ 50% മാർക്ക് ലഭിക്കാത്ത കുട്ടികൾക്ക് മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള പരീക്ഷ - 2009.**

സൂചന : സർക്കാർ ഉത്തരവ് (സാധാ:) നമ്പർ.3754/09 പൊതു.വിദ്യാഭ്യാസ (ഡി) വകുപ്പ് തിരുവനന്തപുരം, തീയതി: 07.09.2009.

സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് **പഴയ കരിക്കുലത്തിൽ** തമിഴ് റ്റി.റ്റി.സി പാസ്സായതും 50% മാർക്ക് ലഭിക്കാത്തതുമായ കുട്ടികൾക്ക് മാർക്ക് മെച്ചപ്പെടുത്തുന്നതിനായി അവസാന അവസരമായി ഒരു പരീക്ഷകൂടി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ തമിഴ് റ്റി.റ്റി.സി ഇംപ്രൂവ്മെന്റിനായി കാത്തിരിക്കുന്ന പഴയ കരിക്കുലത്തിൽ പാസായ എല്ലാവർക്കുമായി **തിരുവനന്തപുരം മണക്കാട് ഗവ.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് (Govt. V.H.S.S for Girls, Manacadu, Thiruvananthapuram) സെന്ററാക്കി** ഒന്നാം വർഷം 7 പേപ്പറും രണ്ടാം വർഷം 7 പേപ്പറും, രാവിലെയും ഉച്ചയ്ക്കുമായി വിജ്ഞാപനത്തിൽ ഉള്ള ടൈംടേബിൾ പ്രകാരം പരീക്ഷ നടത്തുന്നതായിരിക്കും.

ഈ വിജ്ഞാപനത്തിന്റെ "അനുബന്ധം എ" യിൽ കൊടുത്തിട്ടുള്ള അപേക്ഷാഫാറത്തിൽ പരീക്ഷാർത്ഥികൾ അപേക്ഷ അവർ പഠിച്ചിരുന്ന റ്റി.റ്റി.ഐ പ്രിൻസിപ്പാൾമാർക്ക് 24/10/2009 വൈകുന്നേരം 5 മണിക്ക് മുമ്പ് നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്. ഫൈനോടുകൂടി 27/10/2009 വരെ ഫീസ് ഒടുക്കാവുന്നതാണ്.

പരീക്ഷാർത്ഥി ഒന്നും രണ്ടും വർഷ ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഒരുമിച്ചെഴുതുന്നുണ്ടെങ്കിൽ രണ്ട് അപേക്ഷകൾ സമർപ്പിക്കണം. ഈ വിജ്ഞാപനപ്രകാരമുള്ള പരീക്ഷാഫീസ് പരീക്ഷാർത്ഥികളിൽ നിന്ന് റ്റി.റ്റി.ഐ പ്രിൻസിപ്പാൾമാർ ശേഖരിച്ച് വിജ്ഞാപനത്തിൽ പറയുന്ന തീയതികൾക്ക് മുമ്പ് ബന്ധപ്പെട്ട ട്രഷറികളിൽ ഒടുക്കണം. ഫീസൊടുക്കിയ ചെല്ലാനും കാൻഡിഡേറ്റ് ലിസ്റ്റുമായി ഒത്തുനോക്കിയ ശേഷം റ്റി.റ്റി.ഐ പ്രിൻസിപ്പൽമാർ പരീക്ഷാസെന്ററിന്റെ ചീഫ് സൂപ്രണ്ടിന് അയച്ചുകൊടുക്കേണ്ടതാണ്. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റുകളുടെ പകർപ്പുകൾ, റ്റി.റ്റി.സി ബുക്കുകൾ എന്നിവയും അയക്കേണ്ടതാണ്.

പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഏത് ടി.ടി.ഐയിലാണോ പഠനം പൂർത്തിയാക്കിയത് ആ ടി.ടി.ഐ.യിലായിരിക്കണം ഫീസും അപേക്ഷാഫാറവും, റ്റിറ്റി.സി ബുക്കും നൽകേണ്ടത്. റ്റി.റ്റി.ഐ പ്രിൻസിപ്പൽമാർ പ്രസ്തുത ഒറിജിനൽ അപേക്ഷകളും റ്റി.റ്റി.സി ബുക്കും ചെല്ലാനും പരീക്ഷാകേന്ദ്രത്തിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്. **തിരുവനന്തപുരം മണക്കാട് ഗവ. വി.എച്ച്.എസ്.എസ് ഫോർ ഗേൾസ്** ആയിരിക്കും പരീക്ഷാകേന്ദ്രം.

വിജ്ഞാപനപ്രകാരമുള്ള ഫീസ്, നിശ്ചയിക്കപ്പെട്ട തീയതിക്കുമുമ്പായി അടയ്ക്കുന്ന വിദ്യാർത്ഥികളെ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ. തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടിലോ, നിശ്ചയിച്ച തീയതിക്കുശേഷമോ ഫീസൊടുക്കിയ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് യാതൊരു കാരണവശാലും റീ ഫണ്ട് ചെയ്യുകയില്ല. പരീക്ഷാഭവനിൽ പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷയോ ഫീസോ നേരിട്ട് സ്വീകരിക്കുന്നതല്ല. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (കുടുംബി, കൺവേർട്ടഡ് ക്രിസ്റ്റ്യൻസ് വിദ്യാർത്ഥികൾ ഉൾപ്പെടെ) ആദ്യ രണ്ടു ചാൻസുകൾക്ക് ഫീസടക്കേണ്ടതില്ല. (ഇങ്ങനെയുള്ള വിദ്യാർത്ഥികൾ രണ്ടാമത്തെ ചാൻസിനായി ആദ്യ ചാൻസിനുശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷിച്ചിരിക്കണം). പരീക്ഷാഫീസ് എത്രയെന്ന് വിജ്ഞാപന ത്തിൽ പ്രത്യേകം കാണിച്ചിട്ടുണ്ട്.

പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് പരീക്ഷ തുടങ്ങുന്നതിന് 3 ദിവസം മുമ്പായി അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

പരീക്ഷയുടെ റിസൽട്ട് പ്രഖ്യാപിച്ചതിനുശേഷം സർട്ടിഫിക്കറ്റുകൾ ടി.ടി.ഐ.കളിലേയ്ക്ക് വിതരണം ചെയ്യുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം ടി.ടി.ഐ പ്രിൻസിപ്പാൾമാർ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്. **3** മാസങ്ങൾക്കുള്ളിൽ വിദ്യാർത്ഥി സർട്ടിഫിക്കറ്റ് ഏറ്റു വാങ്ങിയില്ലെങ്കിൽ അവ പരീക്ഷാ ഭവനിലേയ്ക്ക് "Unclaimed TTC" എന്നു രേഖപ്പെടുത്തിയ കവറിൽ അയച്ചുതരേണ്ടതാണ്. പിന്നീട് "**0202-01-102-92- അദർ റസിറ്റ്സ്**" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ **100 രൂപ** ചെല്ലാൻ അടച്ചാൽ മാത്രമേ അൺക്ലെയ്മ്ഡ് സർട്ടിഫിക്കറ്റ് നൽകുകയുള്ളു.

ഈ വിജ്ഞാപനപ്രകാരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ സംബന്ധി ച്ചുള്ള പൊതുനിയമങ്ങൾ ബാധകമായിരിക്കും. വിജ്ഞാപന തീയതിക്കുശേഷം നിയമ ങ്ങളിൽ വരുത്തുന്ന മാറ്റങ്ങളും ഈ വിദ്യാർത്ഥികൾക്ക് ബാധകമായിരിക്കും.

പരീക്ഷാഹാളിൽ എഴുതിയതോ പ്രിന്റു ചെയ്തതോ ആയ പേപ്പറുകളുമായി പ്രവേശി ക്കരുത്. മറ്റു വിദ്യാർത്ഥികളുടെ പേപ്പർ നോക്കി എഴുതുന്നതും, മറ്റു വിദ്യാർത്ഥിക്ക് നോക്കി എഴുതുവാൻ അനുവദിക്കുന്നതും, മറ്റു വിദ്യാർത്ഥികളോട് സംസാരിച്ച് സഹായ ത്തോടെ പരീക്ഷ എഴുതുന്നതും പരീക്ഷാ ക്രമക്കേടായി കരുതും. പരീക്ഷാപേപ്പറിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രമേ രജിസ്റ്റർ നമ്പർ എഴുതാവൂ. രജിസ്റ്റർ നമ്പർ ഒഴികെ വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിനായി പേരോ മറ്റെന്തെങ്കിലും വിവരമോ പരീക്ഷാ പേപ്പറിൽ രേഖപ്പെടുത്തിക്കൂടാ. പരീക്ഷാകേന്ദ്രത്തിലെ അച്ചടക്കത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പരീക്ഷാർത്ഥിയെ പുറത്താക്കുന്നതാണ്. പരീക്ഷാക്രമക്കേടുകൾ കാട്ടുന്ന വിദ്യാർത്ഥികൾക്കുമേൽ കർശനമായ അച്ചടക്കനടപടികൾ എടുക്കുന്നതാണ്. പരീക്ഷാക്രമക്കേടിന് പുറത്താക്കപ്പെട്ട വിദ്യാർത്ഥി, അധികാരികൾ തുടർന്നെടുക്കുന്ന തീരുമാനങ്ങൾ അനുസരിച്ചുകൊള്ളാമെന്ന നിബന്ധനയിൽ ഒപ്പിട്ടു നൽകിയാൽ മാത്രമേ തുടർന്നുള്ള പേപ്പറുകൾ എഴുതുവാൻ അനുവദിക്കുകയുള്ളു. പരീക്ഷാഹാളിൽ സെൽഫോൺ ഉപയോഗിക്കാൻ അനുവദി ക്കുന്നതല്ല.

ടി.ടി.ഐ പ്രിൻസിപ്പാൾമാർ കംപ്യൂട്ടറൈസ്ഡ് സർട്ടിഫിക്കറ്റുള്ള കുട്ടികളെ ഈ വിജ്ഞാപനത്തോടൊപ്പമുള്ള **മാർക്ക്മെച്ചപ്പെടുത്തുന്നതിനുള്ള ക്യാൻഡിഡേറ്റ് ലിസ്റ്റിൽ** ഉൾപ്പെടുത്തിയും ടി.ടി.സി ബുക്കുള്ള കുട്ടികളെ **A & B ലിസ്റ്റിലും** ചേർത്ത് ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ സമർപ്പിച്ച് ചീഫ് സൂപ്രണ്ടുമാരുടെ ഒപ്പ് വാങ്ങേണ്ടതാണ്.

ഉത്തരവിൽ പറയും പ്രകാരം പരീക്ഷാഫീസ് 29/10/2009 ന് മുമ്പ് ബന്ധപ്പെട്ട ട്രഷറികളിൽ ഒടുക്കി പരീക്ഷാ ഫീസൊടുക്കിയ ഒറിജിനൽ ചെല്ലാൻ രസീതും **മാർക്ക്മെച്ചപ്പെടുത്തുന്നതിനുള്ള ക്യാൻഡിഡേറ്റ് ലിസ്റ്റും** (ചീഫ് സൂപ്രണ്ട് കൗണ്ടർ സൈൻ ചെയ്തത്) 04/11/2009 ന് മുമ്പ് പരീക്ഷാഭവനിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

**പരീക്ഷാഫീസ് പേപ്പർ ഒന്നിന് - 15/- രൂപ. "0202-01-102-99 Examinations fees" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിശ്ചിത തീയതികകം അടയ്ക്കേണ്ടതാണ്. 10/- രൂപ ഫൈനോടുകൂടി 27/10/2009 വരെ അടയ്ക്കാവുന്നതാണ്.**

**<u>താഴെപ്പറയുന്ന ക്രമമനുസരിച്ചാണ് പരീക്ഷാ ജോലികൾ പൂർത്തിയാക്കേണ്ടത്.</u>**

| | | |
|---|---|---|
| 1 | പരീക്ഷാ ഫീസ് ടി.ടി.ഐകളിൽ ഒടുക്കേണ്ട അവസാന തീയതി | 24.10.2009 |
| 2 | ടി.ടി.ഐ പ്രിൻസിപ്പാൾമാർ ഫൈനില്ലാതെ ട്രഷറിയിൽ ഒടുക്കേണ്ട തീയതി | 26.10.2009 |
| 3 | ഫൈനോടുകൂടി ടി.ടി.ഐകളിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി | 27.10.2009 |
| 4 | ടി.ടി.ഐ പ്രിൻസിപ്പാൾമാർ പരീക്ഷ ഫൈനോടുകൂടി ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | 28.10.2009 |
| 5 | ടി.ടി.ഐ പ്രിൻസിപ്പാൾമാർ കാൻഡിഡേറ്റ് ലിസ്റ്റ്, A & B List എന്നിവ ചീഫ് സൂപ്രണ്ടിന് അയച്ചു കൊടുക്കേണ്ട അവസാന തീയതി | 31.10.2009 |

**സെക്രട്ടറി**

# T.T.C TAMIL IMPROVEMENT EXAMINATION - 2009

# TIME TABLE

## FIRST YEAR T.T.C IMPROVEMENT EXAMINATION - 2009 (OLD CURRICULUM)

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 16.12.2009 | Wednesday | 10 A.M to 12.30 P.M | Theoretical Basis of Modern Education Introductory Concepts and Principle - I |
| 17.12.2009 | Thursday | 10 A.M to 12.30 P.M | Psychology in Modern Educational Practice - I |
| 18.12.2009 | Friday | 10 A.M to 12.30 P.M | Regional Language Education I - (Tamil) |
| 19.12.2009 | Saturday | 10 A.M to 12.30 P.M | English Language Education - I |
| 21.12.2009 | Monday | 10 A.M to 12.30 P.M | Mathematics Education - I |
| 22.12.2009 | Tuesday | 10 A.M to 12.30 P.M | General Science Education - I |
| 23.12.2009 | Wednesday | 10 A.M to 12.30 P.M | Social Science Education - I |

## SECOND YEAR T.T.C IMPROVEMENT EXAMINATION - 2009 (OLD CURRICULUM)

| DATE | DAY | TIME | SUBJECT |
|---|---|---|---|
| 16.12.2009 | Wednesday | 2 P.M To 4.30 P.M | Theoretical Basis of Modern Education Introductory Concepts and Principle - II |
| 17.12.2009 | Thursday | 2 P.M To 4.30 P.M | Psychology in Modern Educational Practice - II |
| 18.12.2009 | Friday | 2 P.M To 4.30 P.M | Regional Language Education II - (Tamil) |
| 19.12.2009 | Saturday | 2 P.M To 4.30 P.M | English Language Education - II |
| 21.12.2009 | Monday | 2 P.M To 4.30 P.M | Mathematics Education - II |
| 22.12.2009 | Tuesday | 2 P.M To 4.30 P.M | General Science Education - II |
| 23.12.2009 | Wednesday | 2 P.M To 4.30 P.M | Social Science Education - II |

**SECRETARY**